പാറപ്പുറത്ത്



# അരനാഴികനേരം

a r a n a z h i k a   n e r a m

# ഒന്ന്

വാരിയെല്ലുകൾക്കിടയിൽ ചൂണ്ടകൊളുത്തി വലിക്കുമ്പോലുള്ള വേദന. കുഞ്ഞേനാച്ചൻ വശംചരിഞ്ഞുകിടന്നു. വയ്യ. മുറ്റത്തെങ്ങാനും ഇമ്മിണിനേരം നടന്നിരുന്നെങ്കിൽ കൊള്ളാമായിരുന്നു. നടക്കുമ്പോൾ കിടക്കണമെന്നു തോന്നും. കിടക്കുമ്പോൾ നടക്കണമെന്നും. നടക്കാമെന്നു കണ്ടാൽ വടിയെവിടെ? ആ പിഴച്ച സന്തതികളെല്ലാം കൂടെ വന്നു വടിയെടുത്തു മാവിന്റെ മണ്ടയ്ക്കു കൊളുത്തിവെച്ചിരിക്കുന്നു! നശിക്കാനുണ്ടായ സന്തതികള്! നേരമെന്തായിക്കാണും? ആ പൊടിപ്പെണ്ണു വന്നിരുന്നെങ്കിൽ ഒന്നു മിണ്ടുകയോ ഉരിയാടുകയോ ചെയ്യാമായിരുന്നു. അല്ലെങ്കിൽ കുറുപ്പച്ചൻ വരണം. വല്ലവന്റേയും പലചരക്കുകടയിൽ കണക്കെഴുതി പെഴയ്ക്കുന്ന കുറുപ്പച്ചൻ ഇവിടെ വന്നിരിക്കണമെന്നു മനസ്സിക്കണ്ടാലൊക്കുമോ? എന്നാലും അയാൾ നല്ലവനായതുകൊണ്ട് ആരുടെയെങ്കിലും കൈയോ കാലോ പിടിച്ച് ഇച്ചിരെ ‘കറുപ്പും’ വാങ്ങിച്ചോണ്ട് ആഴ്ചയിൽ ഒന്നോ രണ്ടോ തവണ വരുന്നു.

“പെണ്ണേ!”

മറുപടിയില്ല. കേട്ടുകാണത്തില്ല.

“ദീനാമ്മപ്പെണ്ണേ!”

“എന്തോ!”

ങാ, കേട്ടു!

Poorna eBooks (www.tbsbook.com)

“ഇപ്രത്തോട്ടൊന്നു വന്നേ.”

“വരുന്നപ്പച്ചാ, ക്ടാവിന് ഇച്ചിരെ കഞ്ഞിവെള്ളം കൊടുക്കട്ടെ.”

പാവം പെണ്ണ്! എല്ലാറ്റിനും അവൾ ഒരുത്തിയുടെ കൈ ചെല്ലണമല്ലോ. അങ്ങേര് ദിവാൻ പേഷ്കാരെടെ മാതിരിയാ. നാട്ടുഭരണം! നാലുനാഴിക വെളുപ്പിനേ എഴുന്നേറ്റു പോകും. പിന്നൊരുനേരത്താ വരുന്നത്. ഉപ്പൊണ്ടോ, മുളകൊണ്ടോ, കൂട്ടാൻവെയ്ക്കാനൊണ്ടോ... വല്ലതും അങ്ങേരറിഞ്ഞോ? അല്ല, വീട്ടിലെക്കാര്യം നോക്കി അടങ്ങിയൊതുങ്ങി ഇരിക്കാമെന്നുകണ്ടാൽ മനുഷ്യരു സമ്മതിക്കത്തുമില്ല. പെരുന്നാളു നടത്തണോ, മാത്തുക്കുട്ടി വേണം. മെത്രാച്ചന്റെ അടുക്കൽ എന്തെങ്കിലും ഒരു കാര്യം പറയാൻ പോണോ, മാത്തുക്കുട്ടി! ഈ നാട്ടിൽ അവൻകൂടാതൊരു കാര്യമില്ല. പണമില്ലെങ്കിലും മാനമുള്ളവൻ! വഴിയേ നടക്കുമ്പോൾ, ഇപ്പോഴത്തെ പിള്ളാരു മാത്തുക്കുട്ടിസ്സാറിന്റെ അപ്പെനെന്നാ പറയുന്നത്; ‘കണ്ടറാക്കിട്ടറ്’ കുഞ്ഞുനൈനാപീലിപ്പോസിന്റെ അപ്പനെന്നല്ല. ആണുങ്ങളുടെ വെലയറിയുന്നത് അങ്ങനാ...

“എന്തിനാണപ്പച്ചാ വിളിച്ചത്?”

“നീ എന്തോ എടുക്കുവാരുന്നു?”

“ക്ടാവിനു കഞ്ഞിവെള്ളം കൊടുക്കുവാരുന്നു. ഞാൻ പറഞ്ഞില്ലയോ?”

“പറഞ്ഞോ?”

“അപ്പച്ചനു വല്യ മറവിയാ. ഇപ്പം പറേന്നതു പിന്നോർക്ക

Poorna eBooks (www.tbsbook.com)

ത്തില്ല.”

“പോകാൻ നേരമാകുമ്പഴ് അങ്ങനാ.”

“എവിടെ പോകാൻ?”

“ഇവിടുത്തേടമൊക്കെ കഴിഞ്ഞല്ലോ. സന്ധ്യയാകാറായി. ഇനി ഏറിയാൽ അരനാഴികനേരം!”

“പിന്നേ, ആ കണക്കൊക്കെ അപ്പച്ചന്റെ കൈയിലല്ലേ ഇരിക്കുന്നത്!”

“കണക്കറിയാം പെണ്ണേ! മോശയെപ്പോലെ ഞാൻ യെരീഹോവിനെതിരേയുള്ള നെബോപർവതത്തിലേക്കു കയറുകയാണ്. അതിന്റെ ഉയരത്തിൽ അവസാനം. യഹോവ മോശെയോടു പറഞ്ഞതെന്താണ്? നിന്റെ സഹോദരനായ അഹരോൻ ഹോർപർവതത്തിൽവെച്ചു മരിച്ച് തന്റെ ജനത്തോടു ചേർന്നതുപോലെ, നീ കയറുന്ന പർവതത്തിൽവെച്ചു നീയും മരിച്ച് നിന്റെ ജനത്തോടു ചേരും.”

“ചുമ്മാതിരുന്നാട്ടപ്പച്ചാ. വെറുതേ ഓരോന്നൊക്കെ കെട്ടിച്ചമയ്ക്കുവാ.”

“ഉം... ഉം... നിന്റെ മാപ്പള ഇന്നലെ പോയിട്ടു വന്നില്ല, അല്ലിയോ?”

“ഇല്ല.”

“കന്നിപ്ലാവിലവറാന്റെ മോനു ശെമ്മാശപ്പട്ടം കൊടുക്കുന്നതിനു ചേരാവള്ളിക്കാര് എതിര്. അവറാനുവേണ്ടി വാദിക്കാൻ പോയിരിക്കുവാ അവൻ, തിരുമേനിയുടെ അടുക്കൽ.”

“വാദിച്ചു ജയിച്ചോണ്ടു വരട്ടെ.”

Poorna eBooks (www.tbsbook.com)

“ങേ?”

“ജയച്ചോണ്ടു വരട്ടെന്ന്.”

കുഞ്ഞേനാച്ചൻ ചിരിച്ചു.

“ങാ, പോട്ടെടീ, മനുഷേരടെ വെട്ടത്തിറങ്ങിനിന്നു നാലു വാക്കു പറയാൻ കൊള്ളാവുന്നവൻ കുടുംബത്തിൽ അവ നല്ലാതെ വേറെയാരൊണ്ട്?”

ദീനാമ്മ ഒന്നും പറഞ്ഞില്ല. അപ്പച്ചൻ പറഞ്ഞ കാര്യം ശരി യാണല്ലോ എന്നോർത്തു. നാട്ടിൽ കൊള്ളാവുന്നവരൊക്കെ കാണാൻ വരും. വലിയ കാര്യങ്ങൾ സംസാരിക്കും. നാലു വാക്കു പറയാൻകൊള്ളാവുന്നയാൾതന്നെ!

ദീനാമ്മ പോകാൻ ഒരുങ്ങിയതാണ്. കുഞ്ഞേനാച്ചൻ ചോദിച്ചു:

“വടക്കേലെ പെലേര് അവിടെങ്ങാനും നിപ്പൊണ്ടോ പെണ്ണേ!”

“എന്തിനാപ്പച്ചാ?”

“എന്റെ വടി ആ പിള്ളാരെടുത്തു മാവിന്റെ മണ്ടേൽ കൊളുത്തിവച്ചിരിക്കുന്നു. അതൊന്നെടുപ്പിക്കാനാ. നീ കണ്ടി ല്ലിയോ?”

“ഇല്ല; ഏതു പിള്ളാരാ?”

“എള്ളുപറമ്പിലെ കീവറീതിന്റെ എളേ മോനും, നടുവ ത്താന്റെ നാലാമനും– അവനാ നേതാവ്– അവന്റെ പേരെ ന്തവാ?”

Poorna eBooks (www.tbsbook.com)

“സണ്ണിയോ?”

“ങാ, തണ്ണി! അവന്മാര് അഞ്ചാറുപേരൊണ്ടാരുന്നു. ഇപ്പത്തരാമെന്നുപറഞ്ഞ് ഓടിക്കേറിവന്നു വടീമെടുത്തോണ്ടു പോയി. തോട്ടിയെടെ അറ്റത്തു കെട്ടിവെച്ചു മാങ്ങാപറിച്ചു. കമ്പേലെങ്ങാണ്ടൊടക്കി തോട്ടിയിങ്ങ് ഊരിപ്പോന്നു. അവന്മാരെ പെട്ടപാടേ കണ്ടില്ല. ഇവിടുത്തെ പൊടിപ്പെണ്ണുമൊണ്ടാരുന്നു...”

“എല്ലാം കുരുത്തംകെട്ടതുങ്ങളാ!”

“പെലേരു വല്ലോരും ഒണ്ടോ? വടിയില്ലാതെ എനിക്കു ‘തവണ’യ്ക്കു പോകാനൊക്കുമോ?”

“ഇന്നെവിടാ?”

“കീവറീതിന്റങ്ങ്. നേരത്തിനും കാലത്തിനും ചെന്നാലേ വല്ലോം കിട്ടൂ. ഒഴക്കു ചോറിനു വടീം ഇടിച്ചു വഴിയായവഴിയൊക്കെ കണ്ടക്കംമുണ്ടക്കം നടക്കുക! ഓരോ അവളുമാരെടെയൊക്കെ മൂക്കും മുഞ്ഞീം കാണുക! ഒരടത്തിരുന്ന് ഇച്ചിരി അനന്ന വെള്ളം കുടിക്കാനൊള്ള വഹയൊണ്ടാക്കാത്തവനല്ലിയോ ഞാന്?”

“അങ്ങനീനാട്ടിലാരെങ്കിലും പറയുമോ അപ്പച്ചാ? പക്ഷേ, കൈയിലിരുന്ന പിടി വിട്ടുകൊടുത്തിട്ടാ. അതുപോട്ടെ. ഇവിടനത്തുന്നതിന്റെ പങ്കു കഴിച്ചോണ്ടിരിക്കാൻ പറഞ്ഞാൽ അപ്പച്ചൻ കേക്കുമോ?”

“ങാ, തീരെ വയ്യാതെവരുമ്പഴാട്ടെ.”

“ചാത്തപ്പെലേൻ വടക്കേലൊണ്ടോന്നു നോക്കട്ടപ്പച്ചാ.”

Poorna eBooks (www.tbsbook.com)

ദീനാമ്മ അകത്തേക്കു പോയി. കുഞ്ഞേനാച്ചൻ ഒന്നുകൂടി തിരിഞ്ഞുകിടന്നു. ഹും! നടുവു വെട്ടിപ്പിടിച്ചല്ലോ!

വടി എറിഞ്ഞിടാൻ അവന്മാരു കൊറേ പാടുപെട്ടു നോക്കി. ഒക്കാഞ്ഞിട്ടാ കടന്നുകളഞ്ഞത്. നടുവത്താന്റെ മോൻ അപ്പന്റുകൂട്ടുതന്നെ. അതിമിടുക്ക്, പിടിവാശി, കൂസലില്ലായ്മ. അവന്റപ്പൻ ചെറുപ്പത്തിൽ ചേട്ടമ്മാരെ രണ്ടിനേം കാലുവാരി അടിച്ചിട്ടൊണ്ടല്ലൊ. കാര്യമൊന്നും വേണ്ട. ഒന്നുകിൽ അവൻ ചോദിച്ചതു കൊടുത്തില്ല. അല്ലെങ്കിൽ അവനു പിടിക്കരുതാത്തതെന്തെങ്കിലും പറഞ്ഞു. അതു മതി. പെങ്ങളോടു മാത്രം മറ്റു നാലുപേരേക്കാളും അവനായിരുന്നു സ്നേഹം. അവൾക്കും കുഞ്ഞുചെറുക്കനച്ചായനെ ജീവനാരുന്നു. അവളെ കൂടെ കൊണ്ടുനടക്കും. അവൻ അഞ്ചുപേരിലും മിടുക്കനായിവരുമെന്നാ മനസ്സിൽ കണ്ടത്. പക്ഷേ, ഭാഗ്യദോഷി! തൊട്ടതിലൊക്കെ തോൽവി. കാളക്കച്ചോടം ചെയ്തു നിലം വിറ്റു. തടിക്കച്ചോടംചെയ്തു താഴത്തേമുറി പുരയിടം വിറ്റു. അവനോ ഭാഗ്യദോഷി; കൂടെവന്ന പെണ്ണ് പിടിപ്പുകെട്ടവൾ! അത്യാഗ്രഹി! ആനയെ കിട്ടിയാൽ അവൾ അത്താഴത്തിന് ഒരു കറിവെച്ചുകൂട്ടും. അങ്ങനെയിങ്ങനെ അനങ്ങത്തില്ല. എന്തു ചോദിച്ചോ പറഞ്ഞോ– മിണ്ടത്തില്ല. പക്ഷേ, കാര്യം വരുമ്പോൾ ഈറ്റപ്പുലി! മൂത്തമോൻ വെളിയിലെങ്ങാണ്ടു ജോലിക്ക് പോയിട്ട് എട്ടുപത്തു കൊല്ലമായി. എന്തു ജോലിയാണ്,എവിടാണെന്നൊന്നും ആർക്കും ചൊവ്വേനേരെ അറിയത്തില്ല. ഒന്നും കൊടുക്കുന്നില്ലെന്ന് അവന്റെ അപ്പൻ പറയുന്നു. പാതിരായ്ക്കും വെളുപ്പാൻകാലത്തും ഒക്കെ വന്ന് രൂപാ കൊടുത്തേച്ചു പോകുമെന്നു മറ്റു

Poorna eBooks (www.tbsbook.com)

ള്ളവർ പറയുന്നു. താമസിക്കുന്നതിപ്പോഴും പെലമാടത്തില്! ഇല്ലെന്നറിയിക്കാൻ ഒളിച്ചുവച്ചിരിക്കയാണെന്ന് മാത്തുക്കുട്ടിയുടെ പക്ഷം. അങ്ങനെ വല്ലോരും ഒളിച്ചുവെയ്ക്കുമോ–ആ? നേരാരു കണ്ടു? രണ്ടാമതൊരുത്തനെ മൂത്തവൻ കൊണ്ടുപോയിട്ടൊണ്ട്. അവനു ജോലിയൊന്നും ആയില്ല പോലും!–

"മൂത്താമ്പ്രാൻ വിളിച്ചോ?"

തല പൊക്കി നോക്കി. ആരാന്നറിയാൻമേല.

"ആരാടാ?"

"ചാത്തനാ."

"ഏതു ചാത്തൻ?"

"ങാ, മൂത്താമ്പ്രാനോടു പറഞ്ഞുകൊടുത്താട്ടെ ഏതു ചാത്തനാന്ന്! വടക്കേലേ തേവന്റെ മോൻ ചാത്തൻ."

"ങാ, അതറിയാനാ ചോദിച്ചെ."

"അറിഞ്ഞല്ലോ. ഇനി കാര്യം പറഞ്ഞാട്ടെ."

എന്താ? കാര്യം പറഞ്ഞാട്ടെ! വക്കീൽ കൂട്ടീക്കേറ്റി നിറുത്തി വിസ്തരിക്കുന്നതുപോലെ. കാര്യം പറയാൻ ഇമ്മിണി താമസിച്ചാലോടാ? നന്ദികെട്ട പരിഷ! അല്ല; ഇതൊന്നും ഇപ്പഴ് ഇവനോട് പറയാനൊക്കത്തില്ല. ഇവന്റെ തന്തേ കീച്ചേരിപ്പാടത്തിട്ടു കൈതമുണ്ടം കൊണ്ടു തല്ലിയ താ. കളംപിരീന്നദെവസം. വിത കഴിഞ്ഞാൽ പിന്നെ കളം പിരീന്നവരെ തേവന് ഉറക്കമില്ല. ഏതാണ്ടൊരു 'കൂറുപാട്' മനസ്സിൽ കണ്ടോണ്ട് അവൻ ഒരു പിടിക്കരുതാഴിക കാണി

Poorna eBooks (www.tbsbook.com)

ച്ചു. കൈതമുണ്ടമാ കൈയിൽ കിട്ടിയത്. അവനതു കൊണ്ടോണ്ടുപോയതിനു കാര്യമൊണ്ട്. എണ്ണക്കാട്ടൂന്ന് അവനെ കൊണ്ടുവരുമ്പോൾ പന്ത്രണ്ടു വയസ്സാ. മാടം വെച്ചുകൊടുത്തു പാർപ്പിച്ചു. പുലകിയേ കൊണ്ടുവരാൻ 'പെണ്ണുപണം' കൊടുത്തു...

"മൂത്താമ്പ്രാനേ!"

"ഉം, ഉം...."

"എന്തിനാ വിളിച്ചെ?"

"എടാ, എന്റെ വടി മാവിന്റെ മണ്ടേലിരിക്കുന്നു. നീ കേറി അതൊന്നെടുത്തു താ."

"വടിയെങ്ങനാ മാവേക്കേറിയെ?"

"പിള്ളാരു തോട്ടിയെടെ അറ്റത്തു വെച്ചുകെട്ടി മാങ്ങാ പറിച്ചതാടാ."

"എനിക്കിപ്പഴീ നീറിന്റെ കടികൊള്ളാൻ വയ്യ. തണ്ടാമ്മാരോ മറ്റോ വരുമ്പം പറ. ഏണിവെച്ചു കേറി എടുത്തുതരും."

ദീനാമ്മ സഹായത്തിനു വന്നു:

"എന്റെ ചാത്തപ്പെലേനേ, അതൊന്നെടുത്തുകൊട്. വടിയില്ലാതെ അപ്പച്ചനു പൊറത്തോട്ടെറങ്ങാനൊക്കുമോ?"

"കുഞ്ഞിന് അതൊക്കെ പറയാം. നീറിന്റെ കടി കൊള്ളുന്നവനേ പാടറിയത്തൊള്ളൂ. അല്ലേലോ, ഇവിടെ 'ഓണോം' 'ചക്രാന്തീം' ഒക്കെ തന്നിട്ടിരിക്കുവല്ലിയോ? വേല ചെയ്യുന്ന

Poorna eBooks (www.tbsbook.com)

തിനു കൂലി!”

ഇങ്ങനെ പറഞ്ഞെങ്കിലും അവൻ മാവിൽക്കേറാനുള്ള ഒരുക്കമാണ്. പറഞ്ഞതൊക്കെ നേര്. അന്നു കണക്കില്ലാതെ വാരിക്കൊടുത്തു. ഇന്നു നുള്ളിക്കൊടുക്കുന്നതിനു കണക്കുണ്ട്. അതിനുതക്ക അടുപ്പമേ ഉള്ളൂ.

ആരോടായാലും പെണ്ണു പറഞ്ഞാൽ അതിനൊരു വെലയൊണ്ട്. ആരും അവളോടൊരക്ഷരം മറുത്തു പറേത്തില്ല. കൊടുക്കാനും വാങ്ങിക്കാനുമൊക്കെ നല്ല ‘തദൃശം’. വീട്ടിൽ കെട്ടിക്കൊണ്ടുവന്ന പെണ്ണുങ്ങളിൽ അവളെ ജയിക്കാനാരുമില്ല...

“ചാത്തപ്പെലേനേ!”

ങ്ങാ, പൊടിപ്പെണ്ണു വന്നല്ലോ!

“വല്യമ്പാട്ടി വന്നോ?”

“ഞാൻ വല്യമ്പ്രാട്ടിയല്ല. കൊച്ചമ്പ്രാട്ടിയാ.”

“ഉം, പിന്നേ? ഇപ്പം തമ്പ്രാനും തമ്പ്രാട്ടീം ഒന്നുമില്ല.”

“പിന്നെന്തിനാ വല്യപ്പച്ചനേ മൂത്തമ്പ്രാനേന്നു വിളിക്കുന്നെ?”

“അതാ, വല്യപ്പച്ചന്റെ വടി മാവേൽ കേറിയിരിക്കുന്നെ!”

“സണ്ണിച്ചായനും ഒക്കെ വടികൊണ്ടു മാങ്ങാ പറിച്ചതാ, കേട്ടോ ചാത്തപ്പുലേനേ?”

“സണ്ണിച്ചായനും പൊന്നച്ചായനുമൊക്കെ ഇനിയിങ്ങുവരട്ടെ. ഞാൻ ഓടിക്കുന്നൊണ്ട്.”

Poorna eBooks (www.tbsbook.com)

കുഞ്ഞേനാച്ചൻ 'പൊടിപ്പെണ്ണ്' എന്നു വിളിക്കുന്നു സിസിലി, ചാത്തപ്പുലയൻ മാവിന്റെ കൊമ്പിൽ പിടിച്ചുകയറുന്നതു കൗതുകത്തോടെ നോക്കിനിന്നു. ചാത്തപ്പുലയൻ മിടുക്കനാ. സണ്ണിച്ചായയൻ വല്യ ആളായിട്ടു പകുതിവരെ കേറിയപ്പോൾ നീറുകടിച്ചു ചാടിച്ചു.

"എനിക്ക് പഴുത്തമാങ്ങാ പറിച്ചുതരാമോ ചാത്തപ്പുലേനേ?"

"മിണ്ടാതെ നിന്നോ! നിങ്ങള് അപ്പോം പൂട്ടുമൊക്കെ തിന്നുമ്പം ചാത്തപ്പുലേനു തരുമോ?"

"ഇനീം തരാം."

"അന്നേരം മാങ്ങായും പറിച്ചുതരാം."

ഇങ്ങനെയൊക്കെ പറേമെങ്കിലും ചാത്തപ്പുലയൻ മാങ്ങ പറിച്ചുതരാതിരിക്കില്ല. മാടത്തിനടുത്തുകൂടി പള്ളിക്കൂടത്തിൽ പോകുമ്പോൾ ചാത്തപ്പുലയന്റെ അമ്മ അഴകിപ്പുലകി ചോദിക്കും.

"മല്യമ്പ്രാട്ടി പള്ളിക്കൂടത്തി പോകാനക്കൊണ്ട് മരണൊണ്ടല്ലൊ."

അതു കേട്ടാണു ചാത്തപ്പുലയനും വല്യമ്പ്രാട്ടീന്നു വിളിക്കാൻ തുടങ്ങിയത്.

ചാത്തപ്പുലയൻ ഒരു കമ്പുപിടിച്ചു കുലുക്കി. നാലഞ്ചു മാങ്ങാ വീണു. ഓടിച്ചെന്നെടുക്കാൻ നോക്കിയപ്പോൾ ചാത്തപ്പുലയൻ വിളിച്ചുപറഞ്ഞു:

Poorna eBooks (www.tbsbook.com)

"മാറിനിന്നോ. മാങ്ങാ മേത്തു വീഴും. പിന്നെ പെറുക്കിയെടുക്കാം."

മുഴുവൻ കമ്പുകളും കുലുക്കിയപ്പോൾ ചറപറാന്നു പൊഴിഞ്ഞു. മഴപെയ്യുന്നതുപോലെ. വടിയുമെടുത്തുകൊണ്ടിറങ്ങിയപ്പോൾ പാവം ചാത്തപ്പുലയന്റെ ദേഹത്തു മുഴുക്കെ നീറ്!

മാങ്ങയൊക്കെ അമ്മ കൊട്ടയിൽ പെറുക്കി. വടിയുമായി സിസിലി വല്യപ്പച്ചന്റെ അടുത്തേക്കോടി.

"കിട്ടി വില്യപ്പച്ചാ വടി."

കുഞ്ഞേനാച്ചൻ എഴുന്നേറ്റിരുന്നു വടി വാങ്ങിച്ചുനോക്കി. തറയിൽ കുത്തിനോക്കി. എന്നിട്ടു പറഞ്ഞു:

"നിന്റേച്ചായമ്മാരെല്ലാം ഇനി വരട്ടെ. അടിച്ചു ഞാൻ നടുവൊടിക്കുന്നൊണ്ട്."

"ഈ വടികൊണ്ടോ?"

"ഉം."

"എന്നേം അടിക്കുമോ?"

"പിന്നെന്താ?"

"നോവത്തില്ലിയോ?"

"നോവട്ടെ."

"അടിക്കണ്ടാ വല്യപ്പച്ചാ."

"ഉം, ആട്ടെ. ആലോചിക്കാം- നിന്റെ കൂട്ടുകാരൊക്കെ ഇന്നു വന്നിരുന്നോ?"

Poorna eBooks (www.tbsbook.com)

“ഉം.”

“എന്താ അവരുടെ പേര്?”

“ലതേം അമ്മുക്കുട്ടീം. ഇന്നാളും ഇന്നാളും ഒത്തിരിത്ത വണ ഞാൻ പറഞ്ഞില്ലിയോ? പിന്നേം പിന്നേം വല്യപ്പച്ചൻ ചോദിക്കുവാ.”

“നിന്നേ പള്ളിക്കൂടത്തി വിളിക്കുന്ന പേരെന്തവാ?”

“അയ്യോ! ഈ വല്യപ്പച്ചന് ഒന്നും അറിയത്തില്ല... മറിയാമ്മ മാത്യു!”

സിസിലി അകത്തേക്കോടിപ്പോയി. കുഞ്ഞേനാച്ചൻ എഴുന്നേറ്റു. കാലുറയ്ക്കുന്നില്ല. പിന്നെയും ഇരുന്നു. വടിയിൽ ബലംപ്രയോഗിച്ചു കരുതലോടെ വീണ്ടും എഴുന്നേറ്റു. മെല്ലെ നടന്നു മുറ്റത്തിറങ്ങി....

“പെണ്ണേ, ഞാൻ പോവാ.”

കേട്ടോ ആവോ! നടന്നു. കുറേ നടന്നപ്പോൾ ഒരായം കിട്ടി. ഇനി രണ്ടോ നാലോ നാഴിക നടക്കാം...

“വല്യപ്പച്ചൻ എവിടെ പോവാ?”

വടിയിൽ ബലം പിടിച്ചു നിന്നു. ആരാ?

‘‘എള്ളുപറമ്പില്... എനിക്കു മനസ്സിലായില്ലല്ലോടാ. ശരിക്കു കണ്ണുപറ്റത്തില്ല.”

“ചക്കാലേലേ...”

“തോമായുടെ മോനോ?”

“ആന്നു.”

Poorna eBooks (www.tbsbook.com)

“മൂത്തവനാണോ?”

“അതെ.”

“നീ ഇവിടെങ്ങും ഇല്ലാരുന്നല്ലൊ?”

“മദ്രാസിലാ. മിനിഞ്ഞാന്നാ വന്നെ.”

“ങാ, എന്നാ പോ!”

മുക്കിനിറങ്ങിയപ്പോൾ വക്കീൽഗുമസ്തൻ പാക്കരൻ പിള്ളയുടെ കുശലാന്വേഷണം.

“എങ്ങോട്ടാ കുഞ്ഞേനാമാപ്ല?”

നിന്നില്ല. നടന്നുകൊണ്ടുതന്നെ മറുപടി പറഞ്ഞു. പിന്നെയും ആരൊക്കെയോ ചോദിച്ചു: ‘അച്ചായൻ എങ്ങോട്ടാ?’, ‘ഉപ്പാപ്പൻ എങ്ങോട്ടാ?’ ആരാണെന്നന്വേഷി ക്കാൻ നിന്നില്ല. നടന്നു. പുത്തൻചെറേക്കാരെടെ പീടികേട വിടെ ചെന്നപ്പോൾ ഒരു പെണ്ണു ചിരിച്ചുകൊണ്ടു നേരേ മുൻപിൽ വന്നു നിന്നു വിളിച്ചു:

“വല്യപ്പച്ചാ!”

പരിചയമുള്ള ശബ്ദം. നിന്നു. സൂക്ഷിച്ചുനോക്കി.

“ഞാനാ വല്യപ്പച്ചാ കുട്ടിയമ്മ. എന്താ ഇത്രേം നേരം താമ സിച്ചത്?”

ങാ, മനസ്സിലായി. കീവറീതിന്റെ മോള്– വാദ്യാര്.

“നീ പള്ളിക്കൂടത്തി പോവാണോ?”

“ആന്നു. വല്യപ്പച്ചൻ വന്നു ചോറുവിളമ്പിത്തന്നിട്ടു പോകാമെന്നുംകണ്ടു നോക്കിയിരുന്നതാ.”

Poorna eBooks (www.tbsbook.com)

"ങാഹാ! അപ്പൊ തവണ നിങ്ങടങ്ങാന്നു നെനക്കറിയാരുന്നു?"

"തവണയോ?" കുട്ടിയമ്മ ചിരിച്ചു.

"വല്യപ്പച്ചൻ വീട്ടിത്തന്നെ താമസിക്കാൻ എന്നു തൊട്ടു ഞാൻ പറേന്നു!"

"നിന്റപ്പനെന്തിയേ?"

"അവിടൊണ്ട്."

"നെനക്ക് എങ്ങാണ്ടുന്ന് ഒരാലോചന വന്നെന്നു പറഞ്ഞാറെ എന്തായി?"

കുട്ടിയമ്മ മറുപടി പറയാതെ കൈയിലിരുന്ന നോട്ടുബുക്കിൽ നഖം ഉരച്ചുകൊണ്ടു നിന്നു. വീണ്ടും ചോദിച്ചപ്പോൾ പറഞ്ഞു.

"എനിക്കൊന്നും അറിയാൻവയ്യാ വല്യപ്പച്ചാ. മറ്റാർക്കെങ്കിലുംകൂടെ അങ്ങനെ വിചാരമുണ്ടെങ്കിലല്ലേ നടക്കത്തൊള്ളു?"

"വിചാരമില്ലിയോ?"

കുട്ടിയമ്മ മൗനം.

"എന്തെടീ പേണ്ണേ?"

കുഞ്ഞേനാച്ചൻ സൂക്ഷിച്ചുനോക്കിയപ്പോൾ കുട്ടിയമ്മയുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പുന്നു. കുഴപ്പമായല്ലോ.

"പെണ്ണേ!"

"എന്തോ!"

“പോ. വഴീനിന്നു കരയാതെ.”

കുട്ടിയമ്മ പോയില്ല.

“തന്നത്താൻ മറന്നു വീടിനെ സഹായിക്കാൻ നോക്കിയതിന്റെ അനുഭവമാ എനിക്കു കിട്ടിയത്. അപ്പച്ചനു മാസം തോറും പണം വേണമെന്നേയുള്ളു.”

“ഉം.”

“ചുനക്കരക്കാര് ആരാണ്ടു വന്നിട്ട് അവരെ ചീത്ത പറഞ്ഞു മടക്കിയയച്ചു.”

“എന്താ?”

“ഇപ്പഴ് എല്ലാരുമൊണ്ട്. എനിക്കു വയ്യാതെവരുന്ന കാലത്ത് ആരും കാണത്തില്ല.”

“ഉം, കരയാതെ പോ. വഴിയുണ്ടാകും!”

കുട്ടിയമ്മ സാരിത്തുമ്പുകൊണ്ടു കണ്ണൊപ്പിയിട്ടു പറഞ്ഞു:

“ഞാൻ വന്നിട്ടേ വല്യപ്പച്ചൻ പോകാവൂ!”

“ഉം. പോയേച്ചു വാ.”

പിന്നെ മുഖംകൊടുക്കാതെ നടന്നു. ഇത്രയുമൊന്നും വിട്ടുപറയുന്ന പെണ്ണല്ല. അളമുട്ടിയാൽ ചേരയ്ക്കും വരും ശൗര്യം. അവൾ പറഞ്ഞതെത്ര നേര്! ഇങ്ങനെപോയാൽ വാർദ്ധക്യകാലത്ത് അവൾക്കിത്തിരി അനന്ന വെള്ളം കൊടുക്കാൻ ആരു കാണും? അപ്പനും അമ്മയും മണ്ണിനടിയിൽ! സഹോദരിമാർക്കു ഭർത്താക്കന്മാർ, സഹോദരന്മാർക്കു ഭാര്യമാർ! അവൾ മാത്രം ഒറ്റ. ആരുടെയെങ്കിലും ദാസിയായിരി

ക്കാം. പണമുണ്ടെങ്കിൽ നോക്കും. ഇല്ലെങ്കിൽ പിണം...

മുപ്പതു വയസ്സെങ്കിലും ആയിക്കാണണം അവൾക്ക്!... രണ്ടു ചേട്ടത്തിമാരെ കെട്ടിച്ചു. മൂത്തവൾ സുഖക്കേടുകാരി. ഭൂമിയിൽത്തന്നെ ദൈവം അവൾക്കു നിത്യനരകം കൊടുത്തിരിക്കുന്നു. എന്തു പാപംചെയ്തിട്ടാണോ ആവോ! നിഷ്കളങ്കനും നേരുള്ളവനും ദൈവഭക്തനും ദോഷം വിട്ടകലുന്നവനുമായ ഇയ്യോബിനോട് യഹോവ ചെയ്തതുപോലെ തന്നെ. രണ്ടാമത്തവൾക്ക് നാലോ അഞ്ചോ മക്കൾ. കുട്ടിയമ്മയുടെ നേരേയിളയവൾക്കുമുണ്ട് രണ്ടോ മൂന്നോ. എല്ലാറ്റിലും ഇളയവൾ ഗർഭിണിയാണെന്നും കേട്ടു....

ഈ പെണ്ണു പഠിക്കാൻ ബഹുമിടുക്കിയായിരുന്നു. എല്ലാത്തിനും മിടുക്കത്തി. മറ്റിംഗ്ലീഷ് ജയിച്ചപ്പം പള്ളിക്കൂടത്തിൽ ജോലി കിട്ടി. അന്നുതൊട്ടു പെണ്ണിന്റെ ശമ്പളംകൊണ്ടാ അവടപ്പന്റെ പെഴപ്പ്. പെണ്ണിനെ കെട്ടിച്ചുവിട്ടാൽ പെഴപ്പു മുട്ടി. ഇതു മനസ്സിവെച്ചോണ്ട്, വല്ലോരും ഇങ്ങോട്ട് ആലോചിച്ചോണ്ടു വന്നാൽപോലും മുഖം കൊടുക്കാതെ നടക്കുന്നു. ‘എടാ ആ പെണ്ണിന്റെ കഴുത്തേൽ മിന്നുവെച്ചു പറഞ്ഞുവിടണം. അവടെ പ്രായക്കാർക്കൊക്കെ മൂന്നും നാലും മക്കളായില്ലിയോ’ ന്ന് പലതവണ പറഞ്ഞു. അതു പറയുമ്പം അവനു ദേഷ്യമാ. ശുദ്ധനാണെങ്കിലും മുൻകോപക്കാരൻ. ജീവിക്കാൻ ഒരുപാടു വിദ്യകളു നോക്കി. നാലഞ്ചു പെണ്ണിനേയല്ലിയോ ദൈവം അവനു കൊടുത്തത്? വിദ്യകാണിക്കാതെന്തുശെയ്യും...?

“എങ്ങോട്ടാ?”

Poorna eBooks (www.tbsbook.com)

പൊട്ടന്മാരോടെന്നോണം; ഉറക്കെ കൈകൊണ്ട് ആംഗ്യംകാണിച്ചാണു ചോദ്യം. ആരാടാ ഈ കേമൻ!

"ഉം?"

"വയ്യാത്തകാലത്ത് ഈ വടീംകുത്തി എങ്ങോട്ടാ?"

ആളെ മനസ്സിലായി. മാട്ടറപ്പുകാരൻ മാത്തന്റെ മോൻ അവറാൻ. അവൻ ഈയിടെ ഒരു കൊച്ചുമൊതലാളീം പുതു മടിശ്ശീലക്കാരനുമൊക്കെയാണത്രേ. പീലിപ്പോസിന്റെ കണ്ട റാക്ക്പണീലൊക്കെ സഹായിച്ചു നടക്കുവാരുന്നു ആദ്യം. കൊറേ കാശും അടിച്ചോണ്ടു മാറി സ്വന്തം പണി തൊട ങ്ങീന്നു പറേന്നു.

"പീലിപ്പോച്ചായൻ എപ്പഴും പറേം. അവടെ ചെന്നു താമ സിക്കാൻ. കേക്കണ്ടായോ?"

"ഭ! അറപ്പുകാരന്റെ മോനെ, പോടാ നിന്റെ പാട്ടിന്. എന്നേ ഗുണദോഷിക്കാൻ നീയാരാടാ?"

അവറാൻ പകച്ചു നിന്നുപോയി. ഇത്രയും ഓർത്തില്ല. ആളുകൾ കൂടി. വന്നവർവന്നവർ അവറാനെ കുറ്റപ്പെടുത്തി. കുഞ്ഞേനാച്ചനെ സമാധാനിപ്പിച്ചു: "പോട്ടെ അച്ചായാ, വിവ രമില്ലാത്തവൻ ഏതാണ്ടൊന്നു പറഞ്ഞെന്നും കണ്ട്..."

എന്നിട്ടും കുഞ്ഞേനാച്ചൻ വിട്ടില്ല:

"നിന്റപ്പൻ എന്റെ നേരെനിന്നു വർത്തമാനം പറഞ്ഞിട്ടി ല്ലെടാ."

നടന്നു. വേണ്ടടത്തുവച്ചു വിലക്കിയില്ലെങ്കിൽ തലയിൽ കേറിയിരുന്നു നിരങ്ങും. കണ്ടന്തടിക്കു മുണ്ടന്തടി! പോടാ....

Poorna eBooks (www.tbsbook.com)

ഇടവഴി തിരിഞ്ഞപ്പോൾ ഇത്തിരിനേരം നിന്നു കിതച്ചു. എന്നിട്ടും ആയംപിടിച്ചു നടന്നു. പടി കടന്നു ചെന്നപ്പോൾ കീവറീച്ചൻ തിണ്ണയ്ക്കു തുണിക്കസേരയിൽ കിടക്കുന്നു. അപ്പനെ കണ്ടപ്പോൾ എഴുന്നേറ്റു മുറ്റത്തിറങ്ങി അങ്ങോട്ടു മിങ്ങോട്ടും നടന്നു. കുഞ്ഞേനാച്ചൻ കട്ടിലിൽ ഇരുന്നു.

“ചന്തയ്ക്കൊന്നും പോയില്ലിയോടാ?”

എന്തെങ്കിലും ഒന്നു ചോദിക്കണമല്ലോ. ചെറിയതോതിൽ കുരുമുളകുകച്ചവടമുണ്ട്. പണ്ടു വലിയ മൊത്തക്കച്ചവട മൊക്കെ ചെയ്തതാണ്. ഇപ്പോൾ പൂവുവിറ്റ കടയിൽ പുല്ലു വില്ക്കുന്നു...

കുറേനേരത്തേക്കു മറുപടിയില്ല. തെക്കോട്ടും വട ക്കോട്ടും നടപ്പുതന്നെ.

‘‘ചന്തേൽ കച്ചോടത്തിനു പോകാൻ കാശു വേണ്ടായോ?”

ഇപ്പോഴാണു മറുപടി. ഇത്രനേരം ആലോചനയായിരുന്നു. കുഞ്ഞേനാച്ചനും ആലോചനയായിരുന്നു. കുട്ടിയമ്മയുടെ കാര്യം. അക്കാര്യമൊന്നു പറയണം...

“എടാ!”

“എന്താ?”

“നടുവത്തേ പെണ്ണിനേ ഇങ്ങനെ നിറുത്തിക്കോണ്ടിരുന്നാ ലെങ്ങനാ?”

“ഞാനെന്തോ വേണം?”

“കഴുത്തേലൊരു ചരടുവെച്ചയയ്ക്കണ്ടായോ?”

Poorna eBooks (www.tbsbook.com)

"വേണം."

"അതിനെങ്ങനാ?"

"ആ, അപ്പന്റെ കൈയിൽ വല്ലോം ഒണ്ടെങ്കിൽ താ."

"ങ്ഹാ! എന്റെ കൈയിലൊള്ളകാലത്തു തന്നിട്ടൊണ്ട്."

"പിന്നെ? ഒന്നും അറിയാൻവയ്യാത്തപോലല്ലാ അപ്പന്റെ വർത്താനം? വെഷം വാങ്ങിച്ചു തിന്നാൻ എന്റെ കൈയിൽ നാലുകാശില്ല. അവക്കു ശമ്പളം കിട്ടിയാൽ പത്തോ അൻപതോ ഇവിടെ തരും. അതെന്തോന്നിനൊണ്ട്? കെട്ടിക്കുന്ന കാര്യമിരിക്കട്ടെ. എളേയവള് വയറ്റുകണ്ണിയാണെന്നു പറേന്നു. വിളിച്ചോണ്ടു വരണ്ടായോ?"

മറുപടിയും കീവറീച്ചൻതന്നെ പറഞ്ഞു:

"കാശിനു വഴി വല്ലോം ഒണ്ടായാൽ പോകും. അല്ലെങ്കിൽ അവിടെനിന്നു പെറട്ടെ."

അപ്പോൾ കീവറീച്ചന്റെ ഭാര്യ കുഞ്ഞുമറിയ രംഗപ്രവേശം ചെയ്തു.:

"നല്ല മാനമായിരിക്കും. പട്ടിണികെടന്നാൽ വയറേ അറിയത്തൊള്ളു. വല്ല വീട്ടിലും കഴിയേണ്ട പെണ്ണ്...."

മുഴുവൻ പറയാൻ സമ്മതിച്ചില്ല.

"എന്നാ നിന്റമ്മേടങ്ങു ചെന്നു രൂപായൊണ്ടാക്കി വിളിച്ചോണ്ടുവാ."

"എന്റമ്മേടങ്ങൊള്ളതു കഴിക്കാൻ അവിടെ ആണുങ്ങളൊണ്ട്. അപ്പച്ചനും ഇവിടിരിപ്പൊണ്ടല്ലോ. ഞാൻ പെറ്റെണീച്ചു വന്നപ്പം ഒരു വള്ളംനെറച്ചു സാധനങ്ങളാ കൊണ്ടു

Poorna eBooks (www.tbsbook.com)

വന്നെ. ഓർമ്മയില്ലിയോ? മൂന്നു പേറെടുത്തത് എന്റെ വീട്ടു കാരാ.”

“എന്നാല് അന്നു കൊണ്ടുവന്നതേ കൊറേ എടുത്തോ ണ്ടുപോയി വിളിച്ചോണ്ടുവാടീ.”

“ഈ വർത്തമാനം കേക്കുമ്പഴാ എനിക്കെന്റെ ‘തറു വാങ്കം’ മറിക്കുന്നത്. ഞാൻ കൊണ്ടുവന്നതൊക്കെ എല്ലാ രുംകൂടെ വിറ്റും പണേംവെച്ചും തിന്നു...”

“പോടീ അപ്പറത്ത്!”

ങാ, ഇനിയിതു വളരാൻ വിടരുത്. കുഞ്ഞേനാച്ചൻ പറഞ്ഞു:

“പോ കുഞ്ഞുമറിയേ, നീ നിന്റെ പാടുനോക്കി പോ. എന്തിനാടാ അയല്പക്കത്തുകാരേക്കൊണ്ട് പറേക്കാൻ ഇങ്ങനെ കെടന്നു തൊറക്കുന്നത്?”

“ഞാൻ പിന്നെന്തുവേണം? വെഷം തിന്നോ കെണറ്റിൽ ചാടിയോ ചാകണോ? പറ. ആവുന്നകാലത്ത് ചൊമടെ ടുത്തും കാളേടെ കയറേപ്പിടിച്ചും അപ്പന്റെകൂടെ നടന്നു. പിന്നെ അനിയമ്മാരെ വളർത്തി മിടുക്കന്മാരാക്കി. ഇപ്പഴാണ്ടെ ഒരുത്തൻ കോടീശ്വരപ്രഭുവായിട്ട് വാഴുന്നു. നമ്മക്ക് ഉരിയ അരിയിട്ടു തെളപ്പിച്ചുകുടിക്കാനൊള്ള വകയില്ല. വസ്തു വിട്ടു കൊടുക്കാതിരിക്കാൻ നായമ്മാരുമായിട്ട് അടീം കുത്തുമൊ ണ്ടാക്കി വലതുകയ്യേലെ തള്ളവിരലില്ല. ഒരു മാങ്ങ എറി ഞ്ഞിട്ടു തിന്നാൻ വയ്യ...”

ഇപ്പോഴാണ് പൂച്ച പുറത്തു ചാടിയത്. വാക്കിനു വാക്കു പറഞ്ഞാൽ കശപിശയാവും. വേണ്ട. അവനൊന്നു സമാധാ

Poorna eBooks (www.tbsbook.com)

നപ്പെടട്ടെ.

“അനന്നതു വല്ലോം ഒണ്ടേൽ താ പെണ്ണേ. ഞാനങ്ങു പോട്ടെ. പോയി കട്ടിലേലൊന്നു കിടക്കണം.”

അപ്പൊഴേക്കു കീവറിച്ചൻ തണുത്തു. അങ്ങനെയാണല്ലോ സ്വഭാവം.

“ഇവിടെ കട്ടിലും പായുമൊന്നുമില്ലിയോ കെടക്കാന്?”

“ങാ, പോട്ടെടാ.”

അകത്തുനിന്നു കുഞ്ഞുമറിയ വിളിച്ചുപറഞ്ഞു: “ചോറു വിളമ്പിക്കൊണ്ടു വരുന്നപ്പച്ചാ.”

ഇപ്പോൾ നിശ്ശബ്ദതയാണ്. കീവറിച്ചൻ മുറ്റത്ത് ഉലാത്തിക്കൊണ്ടിരിക്കുന്നു. കുഞ്ഞുമറിയ ചോറു വിളമ്പിക്കൊണ്ടു വന്നു വെച്ചിട്ട് കൈകഴുകാൻ വെള്ളം ഒഴിച്ചുകൊടുത്തു.

“അവനു ചോറു കൊടുത്തോടീ?”

“അപ്പച്ചനുണ്ണ്. പിന്നെ കൊടുക്കാം.”

“നിന്റെ മോൻ പള്ളിക്കൂടത്തീന്നു വന്നില്ലിയോ?”

“വന്നേച്ചു പോയി.”

അവൻ കൂട്ടുകാരുമായി വന്ന് വടിയെടുത്ത് മാവിൽ കൊളുത്തിയ കഥ പറഞ്ഞില്ല. തല്ലുകൊള്ളിക്കുന്നതെന്തിനാ?

രണ്ടുമൂന്നുകൈ വാരിയുണ്ടിട്ട് എഴുന്നേറ്റു.

“അപ്പച്ചനെന്താ ചോറുണ്ണാഞ്ഞെ?”

“മതി.”

Poorna eBooks (www.tbsbook.com)

“കൂട്ടാൻ ഇഷ്ടപ്പെടാഞ്ഞോന്നോ?”

“നീയുണ്ടാക്കിയത് ഇഷ്ടപ്പെട്ടില്ലെങ്കിൽ പിന്നേതാ ഇഷ്ടപ്പെടുന്നത്? ഇപ്പം ഇതിൽക്കൂടുതലൊന്നും കഴിക്കാൻ വയ്യാ പെണ്ണേ!”

പോരാനൊരുങ്ങിയതാണ്. മൂത്ത പെണ്ണ് റാഹേലമ്മ ചായിപ്പിന്റെ വാതില്ക്കൽ വന്നു മുഖം കാണിച്ചു. അഞ്ചുദിവസം കൂടിയിരുന്നു വരുമ്പോൾ അങ്ങനെയൊരു പതിവുണ്ട്. അവളെ കാണണം. ഒരുതരം ജയിൽവാസമാണവൾക്ക്. ആരുമില്ല. ഒറ്റപ്പെട്ടവൾ. വീട്ടിലാരെങ്കിലും വന്നാൽ വെട്ടപ്പെട്ടുകൂടാ.

“പെണ്ണേ!”

“എന്തോ?”

“നീ വല്ലോം കഴിച്ചോ?”

മറുപടിയില്ല. മുഖത്തേക്കു സൂക്ഷിച്ചുനോക്കി. രൂപാവട്ടത്തിൽ ചുവന്നുതടിച്ച പാടുകൾ. മുടി കൊഴിഞ്ഞിരിക്കുന്നു. ചെവി തടിച്ചിരിക്കുന്നു. നോക്കാൻ പേടി.

“കെടന്നൊറങ്ങരുത്. വേദപുസ്തകം വായിക്കണം. പ്രാർത്ഥിക്കണം. സൈന്യങ്ങളുടെ ദൈവമായ യഹോവായ്ക്കു കഴിയാത്തതൊന്നുമില്ല. അവൻ സമുദ്രത്തിന്റെ ഗർവത്തെ അടക്കിവാഴുന്നു. തിരകൾ പൊങ്ങുമ്പോൾ അവയെ അമർത്തുന്നു. അവൻ റഹബിനെ ഒരു ഹതനെപ്പോലെ തകർത്തു. അവന്റെ ബലമുള്ള ഭുജംകൊണ്ടു ശത്രുക്കളെ ചിതറിച്ചു കളഞ്ഞു... 89-ാം സങ്കീർത്തനം വായിച്ചു

Poorna eBooks (www.tbsbook.com)

നോക്ക്.”

റാഹേലമ്മയുടെ കണ്ണുകൾ നിറഞ്ഞു.

“വല്യപ്പച്ചൻ പോട്ടേ?”

“ഉം.”

വടിയുമെടുത്ത് ഇറങ്ങി നടന്നു. വീട്ടിലെ കട്ടിലിൽ പോയി കിടക്കണം. ചെലപ്പഴ് ആ കുറുപ്പച്ചൻ കറുപ്പും വാങ്ങിച്ചോണ്ടു വരും. പാവം! ആരെടെയൊക്കെ കാലുപിടിച്ചാ അതു വാങ്ങിച്ചോണ്ടു വരുന്നത്! ഉച്ചനേരത്ത് ഒരു ഗുളിക ചെന്നാൽ ഇരട്ടി ബലമാ. അല്ലെങ്കിൽ വലിയ ക്ഷീണം.

പനച്ചമൂടു മുക്കിനെത്തിയപ്പോൾ കാലു നിലത്തുറയ്ക്കുന്നില്ല എന്നു കുഞ്ഞേനാച്ചനു തോന്നി. വടിയിൽ ബലം പിടിച്ചിട്ടും ഉറച്ചുനില്ക്കാനൊക്കുന്നില്ല. വീഴരുത് എന്നു മനസ്സിലുറച്ചു. വീട്ടിലെ കട്ടിലിലേ വീഴാവു. പക്ഷേ, ഭൂമി കീഴ്മേൽ മറിയുകയാണല്ലോ. കണ്ണിൽ ഇരുട്ടുകയറുന്നു. പിന്നെയൊന്നും ഓർമ്മയില്ല...

മുഖത്തു നനുവ തോന്നിയപ്പോൾ കണ്ണു തുറന്നു. ചുറ്റിനും ആൾ കൂടിയിട്ടുണ്ട്. ആരോ പറയുന്നതു കേട്ടു:

“കട്ടിൽ കൊണ്ടുവരാം. എടുത്തു കട്ടിലിലിട്ടു കൊണ്ടു പോകാം.”

“വേണ്ടാടാ, എന്റെ വടിയിങ്ങെടുത്തു താ.”

എന്നിട്ടും രണ്ടാളുടെ തോളിൽ കൈയിട്ടേ നടക്കാനൊത്തുള്ളൂ. അപ്പോൾ അറപ്പുകാരൻ മാത്തന്റെ മോൻ അവറാൻ ആൾക്കൂട്ടത്തിൽനിന്നു പറയുന്നതു കുഞ്ഞേനാച്ചൻ

Poorna eBooks (www.tbsbook.com)

കേട്ടു:

“പത്തുതൊണ്ണൂറു വയസ്സായ മനുഷേൻ ഇങ്ങനെറങ്ങി നടക്കുന്നതു കൊള്ളാമോ? അതു പറഞ്ഞതിന് എന്നെ തല്ലാൻ വന്നു!”

Poorna eBooks (www.tbsbook.com)